## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3657 — 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### നടേരിയിലെ പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി നഗരസഭയിൽ 211 -ാം ഡിവിഷനിൽ നടേരിയിലെ അപകടാവസ്ഥയിലായ പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി സെക്രട്ടേറിയറ്റിൽ സമർപ്പിച്ച അപേക്ഷ എന്നാണ് ബന്ധപ്പെട്ട സെക്ഷനിൽ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ), (ബി), (സി) & (ഡി) | നടേരി അർബൻ ഹെൽത്ത് സെന്ററിന്റെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്ന അധിക റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (സി) | പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതിയാവാത്തതിനാൽ ഇവിടെ ആസ്തി വികസന പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്ന പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | അപകടാവസ്ഥയിലുള്ള കെട്ടിടം പൊളിച്ചു മാറ്റാത്തതിനാൽ ജനങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ജനങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ടെന്ന് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചതായി ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ